LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം ദുരിതമനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം

174 [861] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡു ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി ഈ സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ദുരിതമനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവും അധികം ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളെ അവരുടെ ആരോഗ്യ പരിരക്ഷ പരിഗണിച്ച് പുനഃരധിവസിപ്പിച്ചുകൊണ്ട് സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) കാസർഗോഡു ജില്ലയിൽ എൻഡോസൾഫാൻ പ്രയോഗം മൂലം ജനങ്ങൾ ദുരിതമനുഭവിക്കുന്നതായി വിദഗ്ദ്ധ കമ്മിറ്റികളുടെ പഠനത്തിൽനിന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എങ്കിൽ പോലും 23-12-2000-നു ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ വക ഒരു എസ്റ്റേറ്റിലും എൻഡോസൾഫാൻ തളിക്കുന്നില്ല. കാസർഗോഡു ജില്ലയിലെ പെരിയ ഡിവിഷനിൽ 5 കൊല്ലത്തേക്ക് കീടനാശിനികൾ തളിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പാന്ത്രെ വില്ലേജിലെ ആരോഗ്യപ്രശ്നങ്ങൾമൂലം ദുരിതം അനുഭവിക്കുന്നവർക്ക് ആവശ്യമായ ചികിത്സയും മരുന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ജില്ലാ പഞ്ചായത്ത് വികലാംഗ കോർപ്പറേഷനുമായി സഹകരിച്ച് പുനഃരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനം

175 [868] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര റാങ്ക് വരെ ഉള്ളവരെ നിയമിച്ചു;

(ബി) ഈ ലിസ്റ്റിൽനിന്നും നിയമനം തുടങ്ങിയിട്ടില്ലെങ്കിൽ കാല താമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം വകുപ്പുകൾ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമനത്തിനുള്ള ഒഴിവുകൾ പി.എസ്.സി.-ക്കു നിലവിൽ റിപ്പോർട്ട് ചെയ്യാതെയുണ്ട്;

(ഇ) ഈ വകുപ്പുകളിലേക്കുള്ള ഒഴിവുകളുടെ വിവരം പി.എസ്.സി.-യെ അറിയിക്കാത്തതെന്തുകൊണ്ടാണ്;

(എഫ്) പ്രസ്തുത വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ ഒഴിവുകളിൽ താൽക്കാലിക നിയമനമോ ഡെയിലിവേജസുകാരുടെ നിയമനമോ കോൺട്രാക്ട് നിയമനമോ നടത്തി ഒഴിവ് ഇല്ലാതാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം നൽകുമോ;

(എച്ച്) ഇത്തരത്തിലുള്ള നിയമനം നടത്തിയിട്ടുള്ളപക്ഷം അവരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നിർദ്ദേശം നൽകുമോ;

(ഐ) ഈ പോസ്റ്റിലേക്കുള്ള നിയമനത്തിന് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിന്റെ കാലാവധി സാധാരണഗതിയിൽ എന്നു തീരുമെന്ന് പറയാമോ?

ഉത്തരം

(എ ആന്റ് ബി) വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് നിയമനത്തിന് 16-4-2004-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും 21-6-2004 വരെ 65 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്.

(സി) 80 ഒഴിവുകൾ.

(ഡി ആന്റ് ഇ) നിലവിലുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് (വിവിധ വകുപ്പുകൾ) തസ്തികയ്ക്ക് 16-4-2004-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന് 15-4-2007 വരെ കാലാവധിയുണ്ട്.

തിരുവനന്തപുരം, പാലക്കാട് ജില്ലകളിലേക്കുള്ള എൽ.ഡി.സി. ലിസ്റ്റ്

176 [869] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, പാലക്കാട് ജില്ലകളിലേക്കുള്ള എൽ.ഡി.സി.-യുടെ പി.എസ്.സി. ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

LIBRARY ARCHIVES Kerala Legislative Assembly